# സ്കൂൾ ചരിത്രം

തിരുനെല്ലി പഞ്ചയത്തിന്റെ തിലകക്കുറിയായ ബ്രഹ്മഗിരിയുടെ താഴ്‌വരയിൽ അനേക വർഷത്തെ പാരമ്പര്യവുമായി വിദ്യയുടെ ആദ്യാക്ഷരം പകർന്നു തല ഉയർത്തി നിലക്കുകയാണ് സി.എ.എൽ.പി സ്കൂൾ തോൽപ്പെട്ടി.

1953-ലാണ് സ്കൂൾ സ്ഥാപിതമായത്. ശ്രീ. വൈ.കെ.രാമൻകുട്ടി നായരുടെ മാനേജ്മെന്റിലാണ് സ്കൂൾ പ്രവർത്തനം ആരംഭിച്ചത്. ആദ്യത്തെ പ്രധാനാധ്യാപകൻ കൃഷ്ണൻശെട്ടി മാഷായിരുന്നു. 1954-ൽ 1, 2 ക്ലാസ്സുകൾക്ക് അംഗീകാരം ലഭിച്ചു. 1955-ൽ കോളൂർ നെഞ്ചപ്പ അവർകൾ സ്കൂൾ മാനേജരായി. 1956 ജൂൺ 1 മുതൽ 5 വരെ ക്ലാസ്സുകൾക്ക് അംഗീകാരം ലഭിച്ചു. 1974-ൽ ഗവൺമെന്റ് യു.പി.സ്കൂൾ തോൽപ്പെട്ടിയിൽ ആരംഭിച്ചപ്പോൾ അഞ്ചാം ക്ലാസ്സ് നഷ്ടമായി.

1983-ൽ ശ്രീ. കൃഷ്ണൻശെട്ടി മാസ്റ്റർ പദവയിൽ നിന്നും വിരമിച്ചു. തുടർന്ന് എം.ജെ മെറ്റിൽഡ ടീച്ചർ ഹെഡ്മിസ്ട്രസ്സായി ചുമതലയേറ്റു. അതേവർഷം സ്കൂൾ മാനേജ്മെന്റ് ചെട്ടി വെൽഫയർ സൊസൈറ്റിക്ക് കൈമാറി. 1987-ൽ സ്കൂൾ മാനേജ്മെന്റ് സ്ഥാനം ശ്രീ. കൃഷ്ണൻകുട്ടി മാസ്റ്റർക്ക് കൈമാറി. 2006-ൽ ശ്രീമതി. മെറ്റിൽഡ ടീച്ചർ വിരമിക്കുകയും തുടർന്ന് എൻ.എം. ലൂസ്സി ടീച്ചർ പ്രധാനാധ്യാപികയാവുകയും ചെയ്തു. നീണ്ട 23 വർഷത്തെ പാരമ്പര്യവുമായാണ് മെറ്റിൽഡ ടീച്ചർ വിരിമിച്ചത്. 2006-ൽ പ്രധാനാധ്യാപികയായി നിയമിതയായ ലൂസ്സി ടീച്ചർ 2004-ൽ മാർച്ച് 31-ന് വിരമിച്ചു. തുടർന്ന് 2014 ഏപ്രിൽ 1 ന് ശ്രീമതി. എം.യു. മറിയക്കുട്ടി ടീച്ചർ സ്കൂളിന്റെ പ്രധാനാധ്യാപികയായി നിയമിതയാവുകയും ചെയ്തു. കലാമേള, ശാസ്ത്രമേള, കായികമേള, പാഠ്യേതര പ്രവർത്തനങ്ങൾ എന്നിവയിൽ സ്കൂളിലെ കുട്ടികൾ സജീവമായി പങ്കെടുത്തു. നിരന്തരമായ കോളിനി സന്ദർശനത്തിലൂടെയും, വീട് സന്ദർശനത്തിലൂടെയും കുട്ടികളെ സ്കൂളിലേക്ക് എത്തിക്കാനായി അധ്യാപകർ നിരന്തരം പരിശ്രമിക്കുന്നു.